പതിമൂന്നാം കേരള നിയമസഭ
ആറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 991 12.12.2012 ലെ മറുപടിക്ക്

## പട്ടികജാതി കോളനികളെ സ്വയംപര്യാപ്തമാക്കുന്നതിനുള്ള പദ്ധതി

| ചോദ്യം | മറുപടി | |
|---|---|---|
| ശ്രീ. ഡൊമിനിക് പ്രസന്റേഷൻ<br>ശ്രീ. പി. എ. മാധവൻ<br>ശ്രീ. കെ. മുരളീധരൻ<br>ശ്രീ. ഷാഫി പറമ്പിൽ | ശ്രീ. എ.പി.അനിൽ കുമാർ<br>(പട്ടികജാതി-പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി) | |
| (എ) പട്ടികജാതി കോളനികളെ സ്വയംപര്യാപ്തമാക്കുന്നതിനുള്ള പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ; വിശദമാക്കുമോ;<br><br>(ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;<br><br>(സി) പട്ടികജാതിക്കാരുടെ ഭൗതിക സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് എന്തെല്ലാം കാര്യങ്ങളാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്; വിശദമാക്കുമോ? | എ, ബി & സി | അൻപതിലധികം പട്ടികജാതി കുടുംബങ്ങൾ ഉള്ള പട്ടികജാതി കോളനികളെ ഉൾപ്പെടുത്തി നടപ്പിലാക്കാൻ ഉദ്ദേശിച്ചിട്ടുള്ള സമഗ്ര വികസന പദ്ധതിയുടെ ആദ്യഘട്ടമെന്ന നിലയ്ക്ക് 100 നിയമസഭാ മണ്ഡലങ്ങളിൽ നിന്നും 100 കോളനികളും 20 ലോക് സഭാമണ്ഡലങ്ങളിൽ നിന്നും 20 കോളനികളും ചേർത്ത് ആകെ 120 പട്ടികജാതി കോളനികളെയാണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. അൻപതിൽ കൂടുതൽ പട്ടികജാതി കുടുംബങ്ങൾ അധിവസിക്കുന്നതും KILA യുടെ സർവ്വേ റിപ്പോർട്ട് പ്രകാരം കണ്ടെത്തിയിട്ടുള്ളതുമായ കോളനികളിൽ നിന്നും 120 കോളനികളെയാണ് തെരഞ്ഞെടുത്തിട്ടുള്ളത്. അപ്രകാരമുള്ള ഒരു കോളനിയിൽ ഒരു കോടി രൂപയിൽ പരിമിതപ്പെടുത്തിയുള്ള വിവിധ വികസന നിർമ്മാണ പ്രവർത്തനങ്ങളാണ് നടത്തുന്നത്. കോളനിയ്ക്കകത്തുള്ള റോഡുകൾ, വൈദ്യുതീകരണം, കടിവെള്ളം, സാനിറ്റേഷൻ, വീട് പുനരുദ്ധാരണം, കളിസ്ഥലം, |

| | | |
|---|---|---|
| | | ബയോഗ്യാസ് പ്ലാന്റ്, മാലിന്യ നിർമ്മാർജ്ജനം, വരുമാനദായക പദ്ധതികൾ, കാര്യശേഷി വികസന പരിപാടികൾ, വനിതകളുടെ സ്വയം സഹായസംഘങ്ങൾ വഴിയുള്ള സൂക്ഷ്മ സംരംഭങ്ങൾ എന്നീ വികസന പ്രവർത്തനങ്ങളാണ് കോളനികളിൽ നടത്താൻ ഉദ്ദേശിക്കുന്നത്. |

സെക്ഷൻ ഓഫീസർ